കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചേളന്നൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് ജില്ലാ

ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:.........................................…

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ. കെ.കെ.ഡി. പി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.............

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ചേളന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ……………… ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ……………… ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ. കെ.കെ.ഡി. പി.12/2087/2018 തിയ്യതി: 12.10.2018

<u>കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.07.2017 മുതൽ 31.05.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻപുരയിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.07.2018 മുതൽ21.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. പി. ഹരി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി. പി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ദിശ. ആർ. കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ (09.07.2018 മുതൽ 16.07.2018 വരെ) |
| | ശ്രീമതി. ഇന്ദുകല. സി. വി. സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ടി. വത്സല | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി. റോസമ്മ ജേക്കബ് | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. രജനി മുരളീധരൻ | 01.04.2017 മുതൽ 25.10.2017 വരെ |
| | ശ്രീമതി. ഗീത. കെ. ജി | 02.11.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. അപർണ്ണ സുരേഷ്. പി. | 12.04.2018 മുതൽ 08.10.2017 വരെ |
| | ശ്രീമതി. ദീപ്തി. ഇ. കെ | 09.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബിന്ദു. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി. സ്മിതമോൾ. സി | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ. ഷാനവാസ്. ഇ | 01.04.2017 മുതൽ 27.01.2018 വരെ |
| | ശ്രീമതി. മാലിനി. എസ്. പി | 28.01.2018 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീമതി. ഷർമ്മിള. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി. ബീന. ടി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | ഡോ. സരിത പുരുഷോത്തമൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മുഹമ്മദ് മുസ്തഫ | 24.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹീര പ്രഭാകരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ദിനേശ് പ്രഭാകരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷീജ. കെ. പി. | 01.04.2017 മുതൽ 31.03.2018 വരെ |

26.10.2017 മുതൽ 01.11.2017 വരെയുള്ള കൃഷി ഓഫീസർ, 01.04.2017 മുതൽ 11.04.2017 വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, 01.04.2017 മുതൽ 23.07.2017 വരെയുള്ള ആയുർവേദ മെഡിക്കൽ ഓഫീസർ എന്നിവരുടെ പേരും മേൽവിലാസവും ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 2-1 | |
| 14 | വസ്തുനികുതി - ഡി.സി.ബി - സഞ്ചയ സാംഖ്യ പൊരുത്തപ്പെടുന്നില്ല | 2-2 | |
| 15 | കെട്ടിട വാടക – വാർഷിക വാടക വർദ്ധനവ് വരുത്തിയില്ല | 2-3 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 16 | പദ്ധതി ആസൂത്രണത്തിലെ പിഴവ്- അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നില്ല. | 3-1 | |
| 17 | പദ്ധതി ആസൂത്രണ നടപടികളിൽ ഉൾപ്പെടാത്ത പദ്ധതികൾ തയ്യാറാക്കി തുക വകയിരുത്തി | 3-2 | |
| 18 | കുടിശ്ശിക പേറിവിഷൻ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല. | 3-3 | |
| 19 | മരാമത്ത് പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വ്യത്യസ്ത രീതിയിൽ ഓവർഹെഡ് ചാർജ്/കരാറുകാരന്റെ ലാഭം അനുവദിയ്ക്കുന്നു. | 3-4 | |
| 20 | എസ്റ്റിമേറ്റിൽ അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തുന്നു | 3-5 | |
| 21 | ഊട്ടക്കുളം - പാലോറക്കുന്നുമ്മൽ റോഡ് ടാറിംഗ് പ്രവൃത്തി ഈ-ടെൻഡർ ചെയ്യാത്ത കരാറുകാരന് നേരിട്ട് നൽകി | 3-6 | |
| 22 | വയലോറ – പാലക്കൽ റോഡ് ടാറിംഗ് - ഗ്രാമ പഞ്ചായത്ത് ചെയ്യാൻ ഉദ്ദേശിച്ച സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ചെയ്തു. | 3-7 | |
| 23 | മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിച്ചു. തുടർനടപടി സ്വീകരിച്ചില്ല. | 3-8 | |
| 24 | റിംഗ് കംപോസ്റ്റ് പദ്ധതി - അംഗീകാരം ലഭിച്ചതിന് വിരുദ്ധമായി നടപ്പാക്കി | 3-9 | |
| 25 | ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-10 | |
| 26 | പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ - അപാകതകൾ | 3-11 | |
| 27 | പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം - വികസനഫണ്ട് അധികം പിൻവലിച്ചു. | 3-12 | |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അപാകതകൾ | 3-13 | |
| 29 | മരുന്നു വാങ്ങൽ പദ്ധതി - | 3-14 | |

| | | | |
|---|---|---|---|
| | മരുന്നുകൾ ലഭ്യമായില്ല. | | |
| | ഭാഗം 4 | | |
| 30 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 34 | സ്ഥിര നിക്ഷേപം | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2017തീയതിയിലെ 1ാം നം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 24.02.2018 തീയതിയിലും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 14.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 മുതൽ 12.06.2018 വരെ | കെ.എസ്.എ.കെ.കെ.ഡി/ ഇ.2/1111/2018(72) തീ. 05.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,32,20,607 |

| | |
|---|---|
| വരവ് | 8,06,30,213 |
| ആകെ | 9,38,50,820 |
| ചെലവ് | 8,79,87,095 |
| നീക്കിയിരിപ്പ് | 58,63,725 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 1,85,46,231 | 1,85,46,231 | 12434696 | 6111535 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 98,13,441 | 98,13,441 | 7940115 | 1873326 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 1,15,84,142 | 1,15,84,142 | 10348758 | 1235384 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 47,97,360 | 47,97,360 | 4022712 | 774648 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,02,54,915 | 1,02,54,915 | 9959441 | 295474 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 7088483 | 7088483 | 3611101 | 3477382 |
| സാക്ഷരത | | 1490 | 0 | 1490 | 0 | 1490 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 22003971 | 22003971 | 22003971 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 346779 | 1624541 | 1971320 | 1716535 | 254785 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 63700 | 25000 | 88700 | 23567 | 65133 |
| SSA | | 137552 | 6260 | 143812 | 0 | 143812 |
| ICDS | | 853671 | 914789 | 1768460 | 628071 | 1140389 |
| MPLAD | | 0 | 5,00,000 | 5,00,000 | 5,00,000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 0 | 2050000 | 20,50,000 | 5,50,000 | 15,00,000 |
| | ബ്ലോക്ക് പഞ്ചായത്ത് | 0 | 33,00,000 | 33,00,000 | 14,25,000 | 18,75,000 |
| ബി ഫണ്ട് | | 0 | 73612340 | 73612340 | 72612340 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 55,42,227 | 13886134 | 19428361 | 21733903 | -2305542 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4088320 | 9748906 | 13837226 | 9532724 | 4304502 |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 317 | 109197822 | 195 | 60257870 | 87 | 35 | 61 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 346779 | 1624541 | 1971320 | 1716535 | 254785 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22003971 | 22003971 | 22003971 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66,840 | 151 |
| കർഷകതൊഴിലാളി പെൻഷൻ | 84,68,700 | 727 |
| വിധവാപെൻഷൻ | 1,89,94,800 | 1605 |
| വാർദ്ധക്യകാലപെൻഷൻ | 3,75,95,100 | 2837 |
| വികലാംഗപെൻഷൻ | 49,58,500 | 422 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 29,06,400 | 246 |
| വിവാഹ ധനസഹായം | 5,70,000 | 19 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6880/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പ്രത്യേക പരാമർശം ഇല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.04.2018 – 12.04.2018 | ഫെബ്രുവരി 2018 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2014 | 2009-10 – 2013-14 | എൽ.ബി.(എഫി.ക്യൂ.)VI/8A-2197/73 തീയതി 07.10.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവയുടേയും ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

1. 31.03.2018ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ട്രഷറി വി.പി.എഫ്.എ. 1-2 അക്കൗണ്ടിൽ 576/- രൂപ നീക്കിയിരിപ്പുണ്ട്. അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതിയുടെ കാനറാ ബാങ്കിലുള്ള അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ 5603/- രൂപയുടെ ചെക്കുകൾ (2014, 2015, 2016 വർഷങ്ങളിൽ നൽകിയത്) "liability in respect of stale cheque" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3. ട്രഷറി ടി.എസ്.ബി. അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം "cheque deposited but not collected' ആയി കാണിച്ച 50927/- രൂപ 05.01.2017ന് ട്രഷറിയിൽ സമർപ്പിച്ചതാണ്. സെക്രട്ടറിയുടെ പേരിലുള്ള MPLADഅക്കൗണ്ടിൽ നിന്ന് വർക്ക് ബില്ലിന്റെ ഗവ. ഡ്യൂസ് അടവാക്കുന്നതിനാണ് കാനറാ ബാങ്കിന്റെ ചെക്ക് ട്രഷറിയിൽ കളക്ഷന് നൽകിയത്. 09.01.2017 ന് കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്ന് തുക കളക്ഷനായിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

4. തൻവർഷത്തെ വസ്തു നികുതി വരവ് വാർഷിക കണക്ക് പ്രകാരം 25,47,764/- രൂപയും സഞ്ചയ പ്രകാരം 24,90,818/- രൂപയുമാണ്. വസ്തു നികുതി കുടിശ്ശിക വരവ് വാർഷിക കണക്ക് പ്രകാരം 11,75,627/- രൂപയും സഞ്ചയ പ്രകാരം 12,51,285/- രൂപയുമാണ്.

5. ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 23/02/2017 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കുന്നതിനായി യോഗം ചേർന്നത്. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ഉദാ.

നോൺ പ്ലാൻ ചെലവുകൾ

| ക്രമ നം. | ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | ഇൻകം&എക്സ്പെന്റിച്ചർ പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2103001 | Pension contribution | 450000 | 733402 |
| 2 | 2105001 | EPF contribution | 0 | 155894 |

പ്ലാൻ ചെലവുകൾ (റവന്യൂ)

| ക്രമ നം. | മേഖല | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | യഥാർത്ഥത്തിലുള്ള ചെലവ് |
|---|---|---|---|
| 1 | ഉദ്പാദന മേഖല | 65,00,000 | 1,04,17,100 |
| 2 | പശ്ചാത്തല മേഖല | 5,00,000 | 9,58,994 |

ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി monthly progress report, Annual review progress report എന്നിവ തയ്യാറാക്കിയിട്ടില്ല. നിർദ്ദേശിക്കപ്പെടുന്ന ഓരോ തുകയ്ക്കുമുള്ള ചിലവുകൾ ബജറ്റ് വകയിരുത്തലിന് അനുസരണമാണോ എന്ന് പ്രമാണീകരിക്കുകയും മതിയായ ഫണ്ട് ലഭ്യത, പ്രസ്തുത ചെലവുകൾക്ക് ഉണ്ടോ എന്നും ഉറപ്പ് വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത ചുമതല നിർവഹിച്ചതായി കാണുന്നില്ല.

ചെലവുകൾ ബജറ്റ് വകയിരുത്തലിന് അനുസരണമാണ് എന്നുറപ്പ് വരുത്തുന്നതിലും ആവശ്യമായ സന്ദർഭങ്ങളിൽ ബജറ്റ് റീ അപ്രോപ്രിയേഷൻ നടത്തുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 2-2 വസ്തുനികുതി - ഡി.സി.ബി - സഞ്ചയ സാംഖ്യ പൊരുത്തപ്പെടുന്നില്ല

ഗ്രാമ പഞ്ചായത്തിൽ സഞ്ചയ – സാംഖ്യ ഇന്റഗ്രേറ്റ് ചെയ്ത് വിന്യസിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലായി 2597 വാസഗൃഹ കെട്ടിടങ്ങളും, ഇതര ഇനത്തിൽ 11820 കെട്ടിടങ്ങളും ഉൾപ്പടെ മൊത്തം 14417 കെട്ടിടങ്ങളാണ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നിലവിലുള്ളത്. തൻവർഷത്തെ ഡിമാൻഡ്, കലക്ഷൻ എന്നിവയുടെ സംഗ്രഹം

ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാൻഡ് | | | കളക്ഷൻ | | | ലൈബ്രറി സെസ് | |
|---|---|---|---|---|---|---|---|---|
| | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം |
| തൻവർഷം | 28,45,607 | 28,40,993 | 4,614 | 25,47,764 | 24,86,361 | 61403 | 1,96,422 | 1,90,874 |

ഇത് പ്രകാരം, സാംഖ്യ പത്രിക, സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 2017-18 വർഷത്തിൽ വാസഗൃഹ, വാസഗൃഹേതര കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള നികുതി വിവരം സഞ്ചയ സാംഖ്യ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | Receivables for property tax on Res. buildings(current) | 17,40,156 | 15,63,297 | 176859 |
| 2 | Receivables for property tax on Res. buildings(Arrears) | 7,49,848 | 7,65,566 | 15718 |
| 3 | Receivables for property tax on Non Res. buildings(current) | 8,07,608 | 9,23,064 | 115456 |
| 4 | Receivables for property tax on Non Res. buildings(Arrears) | 4,25,779 | 4,74,629 | 48850 |

വസ്തുനികുതി ഇനത്തിൽ ആകെ വരവ് ചുവടെചേർക്കും പ്രകാരമാണ്.

| | തൻവർഷ നികുതി | കുടിശ്ശിക | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|
| സഞ്ചയ | 24,86,361 | 12,40,195 | 1,90,874 | 39,17,430 |
| സാംഖ്യ | 25,47,764 | 11,75,627 | 1,96,422 | 39,19,813 |
| വ്യത്യാസം | 61,403 | 64,568 | 5,548 | 2,383 |

കൂടാതെ, 31.03.2018 ന്റെ സഞ്ചയ പ്രകാരം ജനറേറ്റ് ചെയ്യുന്ന ഡി.സി.ബി പത്രികയുംതുടർന്നു വരുന്ന ദിവസങ്ങളിൽ ജനറേറ്റ് ചെയ്യുന്ന പത്രികയും തമ്മിലും വ്യത്യാസം നിലനിൽക്കുന്നുണ്ട്. വ്യത്യാസം ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട വാടക – വാർഷിക വാടക വർദ്ധനവ് വരുത്തിയില്ല

ഗ്രാമ പഞ്ചായത്തിലെ പെരുമ്പൊയിലിൽ CP 4/575(12/153B) നം. കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും, കോക്കനട്ട് ഫാർമേഴ്സ് കമ്പനിക്ക് വാടകയ്ക്ക് കൊടുത്തിട്ടുള്ളതുമാണ്. കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് എക്സി.എഞ്ചിനീയർ കെട്ടിടത്തിന്റെ പ്രതിവർഷ വാടക16226/- രൂപയായി നിശ്ചയിച്ച നൽകിയിട്ടുണ്ട്(2014 നവം. 1 മുതൽ 11 മാസത്തേക്ക്). 12.11.2015 ൽ ഗ്രാമപഞ്ചായത്തുമായി ചമച്ച ഉടമ്പടി പ്രകാരം ഓരോ വർഷവും മുൻവാടകയുടെ 5% വാർഷിക വാടകവർദ്ധനവ് വരുത്തേണ്ടതാണെന്ന് നിഷകർഷിച്ചിട്ടുണ്ട്. തുടർന്ന് 2015 വർഷത്തിൽ 5% വാടക വർദ്ധനവിൽ 17037/- രൂപയായി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. എന്നാൽ തുടർന്ന് വരുന്ന വർഷങ്ങളിൽ വാടക വർദ്ധനവ് വരുത്താതെ 17037/- രൂപ നിരക്കിലാണ് ഈടാക്കി വരുന്നത്. നികുതികൾ, ഫീസുകൾ, വാടക എന്നിവ യഥാസമയം തിട്ടപ്പെടുത്തുന്നുണ്ടെന്നും ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയിൽപ്പെട്ടതാണ്. ആയതിനാൽ മേൽ വിഷയത്തിൽ നടപടി സ്വീകരിച്ച് കരാറിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ള വാടക ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ആസൂത്രണത്തിലെ പിഴവ്- അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ പഞ്ചായത്ത് തല വർക്കിംഗ് ഗ്രൂപ്പ്, വികസനസെമിനാർ, ഗ്രാമസഭ, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ 2017-18 വർഷം അംഗീകാരം ലഭിച്ച പല പദ്ധതികളും തൻവർഷം

നടപ്പിലാക്കിയിട്ടില്ല എന്നു കണ്ടു.

വിവിധ കാരണങ്ങളാൽ നടപ്പിലാക്കാത്ത പദ്ധതികൾക്ക് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/നം | അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | അലങ്കാര മത്സ്യകൃഷി SO 11/18 | 21000 – വികസനഫണ്ട്(ജനറൽ)<br>73100 - ധനകാര്യകമ്മീഷൻ അവാർഡ്<br>90000 - ഗു.വിഹിതം<br>184100 | ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ചർച്ച ചെയ്തിട്ടില്ല. ഗുണഭോക്താക്കളെ കണ്ടെത്താനായില്ല |
| 2 | ടി | മത്സ്യകൃഷിക്ക് സംരക്ഷണവല- 236/18 | 35000- വികസനഫണ്ട്(ജനറൽ) | ഗുണഭോക്താക്കളെ കണ്ടെത്താനായില്ല |
| 3 | ടി | കാർഷിക സേവനങ്ങൾക്ക് സബ്സിഡി - 268/18 | 50000 - വികസനഫണ്ട്(ജനറൽ) | നെല്ല്, പച്ചക്കറി എന്നിവക്ക് കൂലിച്ചെലവ് സബ്സിഡി ഉള്ളതിനാൽ സേവനങ്ങൾക്ക് വീണ്ടും സബ്സിഡി നൽകാൻ സാധിക്കാത്തതിനാൽ |
| 4 | ടി | വീടുകൾ ഹരിതഭവനം - 271/18 | 200000 - വികസനഫണ്ട്(ജനറൽ) | ഗുണഭോക്താക്കളെ കണ്ടെത്താനായില്ല |

2. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/നം | അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | വി ഇ ഒ | സമ്പൂർണ്ണ ശുചിത്വഗ്രാമ പദ്ധതി-<br>161/18 | 464000 – ധനകാര്യകമ്മീഷൻ അവാർഡ്<br>1983000 - സംസ്ഥാനഗ്രാന്റ്<br>100000 – ബ്ലോക്ക് വിഹിതം<br>469000 – ഗു. വിഹിതം<br>3016000 | സാങ്കേതികാനുമതി ലഭിച്ചില്ല |

3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/നം | അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | വി.ഇ.ഒ | വനിതകൾക്ക് വസ്ത്രനിർമ്മാണ യൂണിറ്റ് -162/17-18 | 200000 – വികസനഫണ്ട്(ജനറൽ)<br>500000 – ഗു. വിഹിതം<br>700000 | ഗുണഭോക്താക്കളെ കണ്ടെത്താനായില്ല |
| 2 | ടി | ഹോട്ടൽ, കാറ്ററിംഗ് യൂണിറ്റ് - | 100000 – | ടി |

| | | | | |
|---|---|---|---|---|
| | | 163/17-18 | വികസനഫണ്ട്(ജനറൽ)<br>250000 – ഗ്ര. വിഹിതം<br>350000 | |

ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, വികസന സെമിനാർ എന്നീ ഘട്ടങ്ങളിലൂടെ കടന്നുവന്ന പദ്ധതികൾ നടപ്പിലാക്കുന്നു എന്ന് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 3-2 പദ്ധതി ആസൂത്രണ നടപടികളിൽ ഉൾപ്പെടാത്ത പദ്ധതികൾ തയ്യാറാക്കി തുക വകയിരുത്തി

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ വികസന സെമിനാറിൽ അവതരിക്കപ്പെടാതെ അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയ 8 പ്രോജക്ടുകൾക്ക് തുക വകയിരുത്തുകയും രണ്ട് പ്രോജക്ടുകൾക്ക് തുക ചെലവഴിക്കുകയും ചെയ്തതിട്ടുണ്ട്. വിശദാംശം ചുവടെ:

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക (രൂ) | ചെലവ് |
|---|---|---|---|---|
| 1 | 277/2018 | അംഗീകൃത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് | 50,000 | 50,000 |
| 2 | 11/2018 | അലങ്കാര മത്സ്യകൃഷി | 184100 | ഇല്ല |
| 3 | 214/18 | മണ്ണാറക്കൽ - മണ്ണാറക്കണ്ടി റോഡ് | 400000 | ഇല്ല |
| 4 | 243/18 | ചെങ്ങലപ്പുറത്ത് - ചിറോളിത്താഴം റോഡ് | 3,00,000 | 3,00,000 |
| 5 | 248/18 | 7/4 – കുറ്റിപ്പുനത്തിൽ റോഡ് | 2,50,000 | - |
| 6 | 262/18 | നടുചാലിൽ - മലയിൽ റോഡ് | 3,00,000 | - |
| 7 | 313/18 | കരുനാളിക്ഷേത്രം - സുവർണ്ണപുരം റോഡ് | 1,50,000 | - |
| 8 | 294/18 | ഒറവങ്കര തയ്യുള്ളതിൽ പുറായിൽ റോഡ് | 50,000 | - |

ഗ്രാമ പഞ്ചായത്തുകൾ വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിനു ചുവടെ ചേർക്കുന്ന ഘട്ടങ്ങൾ അവലംബിക്കേണ്ടതുണ്ട്.

1. ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ
2. വികസനരേഖ തയ്യാറാക്കൽ
3. ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ
4. വികസന സെമിനാർ
5. വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ
6. പ്രൊജക്ടുകൾ തയ്യാറാക്കൽ
7. വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം
8. പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും
9. വാർഷിക പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും

കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി നിർദ്ദേശങ്ങൾക്ക് മുൻഗണന നൽകി ഭരണസമിതിയുടെയും വികസന സെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രൊജക്ട് നിർദ്ദേശങ്ങളും ഗ്രാമ പഞ്ചായത്തുകളുടെ അവസ്ഥാരേഖയുടെ സംഗ്രഹവും ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ വിതരണം ചെയ്യേണ്ടതും കരട് പദ്ധതിരേഖ തയ്യാറാക്കുകയും വേണം. വിഭവസമാഹരണ സാധ്യതകൾ പരിഗണിച്ച്

പദ്ധതിയുടെ ഏകദേശ അടങ്കൽ, വികസന സെമിനാറിൽ ഉണ്ടായിട്ടുള്ള ശുപാർശകളും പദ്ധതി ആസൂത്രണ നിർദ്ദേശങ്ങളും സ്ഥാപനത്തിന്റെ മുൻഗണനകളും എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിനും വകയിരുത്താവുന്ന തുക ഭരണ സമിതി തീരുമാനിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18 വർഷത്തിൽ ഈ ഘട്ടങ്ങളിലൂടെയൊന്നും കടന്നു വരാത്ത 8 പദ്ധതികൾ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഗ്രാമസഭയിലും വികസന സെമിനാറിലും അംഗീകാരം ലഭിച്ച പദ്ധതികൾക്ക് മാത്രമേ പ്രൊജക്ടുകൾ തയ്യാറാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 ശമ്പള പരിഷ്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി)7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 2 ഗഡു ശമ്പള കുടിശ്ശിക ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 21700357/07.08.17 | 23594 |
| | 21700358/07.08.17 | 210936 |
| | 21700360/09.08.17 | 81907 |
| 2 | 21700775/29.12.17 | 235465 |

മേൽ ഉത്തരവ് ഖണ്ഡിക 48 പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2 ഗഡുക്കൾ അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ജീവനക്കാർക്ക് വർദ്ധിപ്പിച്ച് നൽകിയ അടിസ്ഥാന ശമ്പളം, അടയ്ക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷനും താഴെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസം | പെൻഷൻ കോൺട്രിബ്യൂഷൻ | ആകെ |
|---|---|---|---|---|---|
| 1 | മനോജ്.ടി, അക്കൗണ്ടന്റ് | 31500<br>7/14 മുതൽ 6/15 വരെ | 31500-15780 = 15720 | 15720x12x15/100 = 28296 | 46435 |
| | | 32300<br>7/15 മുതൽ 12/15 വരെ | 32300-14886 = 17414 | 17414x6x15/100 = 15673 | |
| | | 32300<br>1/2016 | 32300-15856 = 16444 | 2466 | |
| 2. | ലിജീഷ്.എം, ക്ലാർക്ക് | 8866 | 8866-4638 = 4228 | 4228x15/100<br>= 634 | 6070 |
| | | 19000 | 19000-9940 = 9060 | 9060x4x15/100<br>= 5436 | |
| 3. | സതീശൻ.സി.പി | 42500 | 42500-20740 = 21760 | 21760x12x15/100 = 39168 | 62646 |

| | | | | | |
|---|---|---|---|---|---|
| | | 7/14 മുതൽ 6/15 വരെ | | | |
| | അസിസ്റ്റന്റ് സെക്രട്ടറി | 43600<br>7/15 മുതൽ 1/16 വരെ | 43600-21240 = 22360 | 22360x7x15/100 = 23478 | |
| 4. | സുരേഷ്കുമാർ.കെ<br>അസിസ്റ്റന്റ് സെക്രട്ടറി | 37500<br>7/14 മുതൽ 1/15 വരെ | 37500-18740 = 18760 | 18760x7x15/100 =19698 | 54366 |
| | | 38500<br>2/15 മുതൽ 1/16 വരെ | 38500-19240 = 19260 | 19260x12x15/100 = 34668 | |
| 5 | ഷിജാകുമാരി.സി<br>സീനിയർ ക്ലാർക്ക് | 29200<br>7/14 | 29200-14260 = 14940 | 14940x15/100<br>= 2241 | 43893 |
| | | 29900<br>8/14 മുതൽ 7/15 വരെ | 29900-14620 = 15280 | 15280x12x15/100 = 27504 | |
| | | 30700<br>8/15 മുതൽ 1/16 വരെ | 30700-14980 = 15720 | 15720x6x15/100<br>= 14148 | |
| 6. | ബിനു.പി<br>സീനിയർ ക്ലാർക്ക് | 27150<br>7/14 മുതൽ 5/15 വരെ | 27150-13540 = 13610 | 13610x11x15/100 = 22457 | 39056 |
| | | 27800<br>6/15 മുതൽ 12/15 വരെ | 27800-13900 = 13900 | 13900x7x15/100 = 14595 | |
| | | 26903<br>1/16 | 26903-13542 = 13361 | 13361x15/100<br>= 2004 | |
| 7. | അനീഷ്.പി.എം<br>സീനിയർ ക്ലാർക്ക് | 27150<br>7/14 മുതൽ 10/15 വരെ | 27150-13900 = 13250 | 13250x16x15/100 = 31800 | 37827 |
| | | 27800<br>11/15 മുതൽ 12/15 വരെ | 27800-14260 = 13540 | 13540x2x15/100 = 4062 | |
| | | 26903<br>1/16 | 26903-13800 = 13103 | 13103x15/100<br>= 1965 | |
| 8. | ദീപ.എം<br>സീനിയർ ക്ലാർക്ക് | 21100<br>7/14 | 21100-10210 = 10890 | 10890x15/100<br>= 1634 | 31328 |
| | | 14294<br>8/14 | 14294-8563 = 5731 | 5731x15/100<br>= 860 | |
| | | 21100<br>9/14 മുതൽ 2/15 വരെ | 21100-10210 = 10890 | 10890x6x15/100 = 9801 | |
| | | 21650<br>3/15 മുതൽ 8/15 വരെ | 21650-10480 = 11170 | 11170x6x15/100 = 10053 | |
| | | 24845 | 24845-12937 = 11908 | 11908x15/100 | |

| | | | | | |
|---|---|---|---|---|---|
| | | 9/15 | | = 1786 | |
| | | 25200<br>10/15 മുതൽ 1/16 വരെ | 25200-13210 = 11990 | 11990x4x15<br>= 7194 | |
| 9. | ലിപി.ടി.എൻ<br>ക്ലാർക്ക് | 21100 7/14 മുതൽ 2/15 വരെ | 21100-10210 = 10890 | 10890x8x15/100 = 13068 | 31499 |
| | | 21650<br>3/15 മുതൽ 1/16 വരെ | 21650-10480 = 11170 | 11170x11x15/100 = 18431 | |
| 10. | മോഹൻകുമാർ<br>ക്ലാർക്ക് | 22200<br>7/14 മുതൽ 2/15 വരെ | 22200-11020 = 11180 | 11180x8x15/100 = 13416 | 32358 |
| | | 22800<br>3/15 മുതൽ 1/16 വരെ | 22800-11320 = 11480 | 11480x11x15/100 = 18942 | |
| 11. | നാരായണൻ.എം<br>ഓഫീസ് അറ്റൻഡന്റ് | 29900<br>7/14 മുതൽ 6/15 വരെ | 29900-14620 = 15280 | 15280x12x15/100 = 27504 | 44010 |
| | | 30700<br>7/15 മുതൽ 1/16 വരെ | 30700-14980 = 15720 | 15720x7x15/100 = 16506 | |
| 12. | ജയരാജ്.ഇ<br>പാർട്ട്-ടൈം സ്വീപ്പർ | 11580<br>7/14 മുതൽ 6/15 വരെ | 11580-5640 = 5940 | 5940x12x15/100 = 10692 | 17055 |
| | | 11820<br>7/15 മുതൽ 1/16 വരെ | 11820-5760 = 6060 | 6060x7x15/100<br>= 6363 | |
| 13. | സുമതി.കെ<br>പാർട്ട്-ടൈം സ്വീപ്പർ | 11580<br>7/14 മുതൽ 6/15 വരെ | 11580-5640 = 5940 | 5940x12x15/100 = 10692 | 17055 |
| | | 11820<br>7/15 മുതൽ 1/16 വരെ | 11820-5760 = 6060 | 6060x7x15/100<br>= 6363 | |
| 14 | രാജൻ ബാബു<br>P.T.S | 11100<br>7/14 മുതൽ 6/15 വരെ | 11100-5400 = 5700 | 5700x12x15/100 = 10260 | 16371 |
| | | 11340<br>7/15 മുതൽ 1/16 വരെ | 11340-5520 = 5820 | 5820x7x15/100<br>= 6111 | |
| | ആകെ | | | | 479969 |

ഇത്രയും തുക പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കേണ്ടിയിരുന്നിട്ടും, ഇത് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ശമ്പള പരിഷ്കരണ അരിയർ ബിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചപ്പോൾ ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധിച്ചിട്ടില്ല. തുക ചെലവഴിക്കാൻ സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കി, സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വ്യത്യസ്ത രീതിയിൽ ഓവർഹെഡ് ചാർജ്/കരാറുകാരന്റെ ലാഭം അനുവദിയ്ക്കുന്നു.

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രൈസ് സോഫ്റ്റ്‌വെയറിൽ മോർഡ് സ്പെസിഫിക്കേഷനാണ് അവലംബിക്കുന്നത്. ഈ സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഇനങ്ങളിൽ ഡാറ്റ കണക്കാക്കിയത് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജും 10% വീതം ആകെ 20% ഉൾപ്പെടുത്തിയതായി

കാണുന്നു. ഉദാഹരണത്തിന് എടവനം മീത്തൽ കോളനി റോഡിന്റെ എസ്റ്റിമേറ്റ് കാണുക (ക്രമ നം.216/18) ഇതിൽ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഡാറ്റയിൽ മേൽ കൊടുത്ത രീതിയിലാണ് സി.പി യും ഒ.എച്ചും അനുവദിച്ചത്

എന്നാൽ ഗ്രാമപഞ്ചായത്തിലെ മറ്റ് ചില പ്രവൃത്തികളിലെ ഡാറ്റയിൽ (മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അല്ലാത്തതവ) കരാറുകാരന്റെ ലാഭവും, ഓവർഹെഡ് ചാർജ്ജും 20% എന്നതിന്റെ പകരം 15% ൽ പരിമിതപ്പെടുത്തി ഡാറ്റ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് പാലക്കോട്ട് റോഡ് സൈഡ് കെട്ടൽ പ്രവൃത്തിയുടെ ഫയൽ കാണുക (പ്രോജക്ട് നമ്പർ 244/17) ഡെൽഹി അനാലിസസ് ഓഫ് റേറ്റ് 2014 ൽ ഉപയോഗിച്ച നിരക്കാണ് അനുവദിച്ചത്. (ഐറ്റം:2.8.1, 5.9.5, 4.1.5, 5.2.2, 5.22.6 എന്നീ ഇനങ്ങൾ) ഡാറ്റയിൽ കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും 15% ത്തിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്.

ഇത്തരത്തിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഡാറ്റയിൽ വ്യത്യസ്ത രീതിയിൽ സി.പി.യും, ഒ.എച്ചും ഉൾപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. കൂടാതെ ഈ അപാകത എഞ്ചിനിയറിംഗ് വിഭാഗം ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമില്ല. വ്യത്യസ്ത രീതി അവലംബിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിൽ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളിൽ ഫണ്ട് ചോർച്ച ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് മരാമത്ത് പ്രവൃത്തിയൽ ചെലവഴിക്കുന്ന തുകയിൽ വൻതുകകൾ പാഴ്ച്ചെലവാകാനിടയുണ്ട്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്.

## 3-5 എസ്റ്റിമേറ്റിൽ അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തുന്നു

പ്രവൃത്തിയുടെ പേര് : എളമന മീത്തൽ കോളനി റോഡ്

പ്രോജക്ട് നമ്പർ : 218/18 എം.ബുക്ക് 19/17-18

ബിൽ നമ്പർ : 141/31.03.18 തുക: 3,00,000/-

കരാറുകാരൻ : റിജു.എം.വി

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, വീതി വളരെ കുറഞ്ഞ കുത്തനെയുള്ള ഇറക്കമുള്ള റോഡിൽ, അത് ഉറപ്പിച്ച് (സബ് ഗ്രേഡ് തയ്യാറാക്കി) അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുക എന്നതാണ്. ഇതിനായി എസ്റ്റിമേറ്റിൽ 4 ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 42 മീറ്റർ നീളത്തിൽ 3.2 മീ വീതയിൽ 30 സെ.മീ ആഴത്തിൽ നിലവിലെ റോഡ് സ്കാരിഫൈഡ് ചെയ്ത്, സബ്ഗ്രേഡ് നിർമ്മിച്ച്, താഴ്ന്ന ഭാഗം ക്വാറിമക്ക് ഉപയോഗിച്ച് ഫിൽ ചെയ്ത്, അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുക എന്നതാണ്.

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലെ റോഡ് വീതി കുറഞ്ഞത്, കുത്തനെ ഇറക്കമുള്ള റോഡ് ആണ് എന്ന് വ്യക്തമാകുന്നു. ഇതിൽ താഴ്ന്ന ഭാഗം ഇല്ല എന്ന് മാത്രമല്ല സബ്ഗ്രേഡ് ചെയ്ത് ഉറപ്പിച്ചതിന് മുകളിൽ ക്വാറി മക്ക് ഫിൽ ചെയ്തതുൾപ്പടെ, ആകെ 85 മീറ്റർ നീളത്തിൽ ക്വാറി മക്ക് ഫില്ലിംഗ് ചെയ്തിട്ടുണ്ട്. (എം.ബുക്ക് പേജ് 5, 6 കാണുക) ഇതിനായി 23.56 ക്യു.മീ. ചെയ്തതിന് കരാറുകാരന് ക്യു.മീ. ന് 929.21 രൂപ നിരക്കിൽ 21892.19 രൂപ അനുവദിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് റിപ്പോർട്ടിന് വിരുദ്ധമായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇത്തരത്തിൽ താഴ്ന്ന പ്രദേശം ഉണ്ടായിരുന്നോ ഓന്ന് ആരും തന്നെ പരിശോധനയ്ക്ക് വിധേയമാക്കുന്നുമില്ല. സോഷ്യൽ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവയൊന്നും തന്നെ ഫയലിലില്ല. ഇത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇതിൽ വിശദമായ മറുപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഊട്ടക്കുളം - പാലോറക്കുന്നുമ്മൽ റോഡ് ടാറിംഗ് പ്രവൃത്തി ഈ-ടെൻഡർ ചെയ്യാത്ത കരാറുകാരന് നേരിട്ട് നൽകി

പ്രോജക്ട് നമ്പർ : 332/18

കരാറുകാരൻ : വിനോദ്.എം

എസ്റ്റിമേറ്റ് തുക : 6 ലക്ഷം രൂപ

എം ബുക്ക് : 51/17-18

ബിൽ : 148/31.03.18

തുക : 6ലക്ഷം രൂപ

മേൽ പ്രവൃത്തിയ്ക്ക് 6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ പ്രോജക്ട് രൂപീകരണ ഫോറം 2-13 ൽ നിർവഹണ രീതി ടെണ്ടർ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരന്റെ 27.02.18 ലെ അപേക്ഷ

പ്രകാരം പ്രവൃത്തിയുടെ ക്വട്ടേഷൻ ഷെഡ്യൂൾ അനുവദിയ്ക്കുകയും ടിയാന് പ്രവൃത്തി നടത്താൻ നേരിട്ട് ഏൽപ്പിച്ചതായും കാണുന്നു. തുടർന്ന് തീയതി വെയ്ക്കാതെ ഒരു എഗ്രിമെന്റിൽ (നമ്പർ.44/17-18) ഏർപ്പെടുകയും ചെയ്തു.

ജി.ഒ. (പി) 524/2015 ഫിൻ. തീയതി 17.11.2015 പ്രകാരം 5 ലക്ഷത്തിന് മുകളിൽ വരുന്ന മരാമത്ത് പ്രവൃത്തിയിൽ ഇ-ടെൻഡർ നടപടിയിലൂടെയാണ് കരാറിലേർപ്പെടേണ്ടതെന്ന് വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഇ-ടെൻഡർ ഈ പ്രവൃത്തിയ്ക്ക് ചെയ്തതായി കാണുന്നില്ല. സർക്കാർ ഉത്തരവ് മറികടന്ന് ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹണം നടത്തിയതിന് വ്യക്തമായ കാരണം ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-7 വയലോറ – പാലക്കൽ റോഡ് ടാറിംഗ് - ഗ്രാമ പഞ്ചായത്ത് ചെയ്യാൻ ഉദ്ദേശിച്ച സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ചെയ്തു.

പ്രോജക്ട് നമ്പർ : 250/2018

എം. ബുക്ക് : 39/2017-18, 89/2017-18

എസ്റ്റിമേറ്റ് : 3 ലക്ഷം രൂപ

ബിൽ നമ്പർ : 143/31.03.2018

ഈ പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റ് പ്രകാരം 30 മീറ്റർ നീളത്തിൽ ക്വാറിമക്ക് ഫിൽ ചെയ്തതിന് ശേഷം 74 മീറ്റർ നീളത്തിൽ വെറ്റ് മിക്സഡ് മെക്കാഡം, പ്രൈം കോട്ട്, ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, സീൽ കോട്ട് എന്നിവ ചെയ്യാനാണ് ഉദ്ദേശിച്ചത്. 08.03.2018ലെ 2(17)/2018 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വയലോറ പാലക്കൽ റോഡ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഭാഗം ഫ്ലഡ് വർക്കിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി നടത്തിയതിനാൽ, പ്രസ്തുത റീച്ചിന് ശേഷമുള്ള ഭാഗത്ത് ടാർ ചെയ്യുന്നതിനും, നിലവിലെ ടാർ ചെയ്ത ഭാഗം പൊളിഞ്ഞ് പോയത് റീടാറിംഗ് ചെയ്യാനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ എ.ഇ.യെ ചുമതലപ്പെടുത്തി.

ഈ റോഡിന്റെ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് ചെയിനേജിലാണ് എന്ന് വ്യക്തമല്ല. തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് ചെയിനേജിലാണ് എന്നും രേഖപ്പെടുത്തലില്ല. 64.5 മീറ്റർ നീളത്തിൽ ടാറിംഗും, 84.4 മീറ്റർ നീളത്തിൽ റീടാറിംഗിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ഗ്രാമസഭയിലൂടെ ഉരുത്തിരിഞ്ഞ് വന്ന ഒരു പദ്ധതിക്ക് ഏതൊക്കെ ഫണ്ട് വകയിരുത്തിയിട്ടുണ്ടാകുമെന്ന് ഗ്രാമസഭക്ക് അറിവുള്ള കാര്യമായിരിക്കും. ഒരു പ്രത്യേക റീച്ച് ചെയ്യാൻ ബ്ലോക്ക് ഫണ്ട്/പഞ്ചായത്ത് ഫണ്ട് ആണോ വകയിരുത്തിയത് എന്ന് വ്യക്തമായിരിക്കെ, പഞ്ചായത്ത് ചെയ്യേണ്ട റീച്ച്, ബ്ലോക്ക് പഞ്ചായത്ത് ചെയ്തു എന്നതിൽ നിന്നും, ഈ പദ്ധതി ഗ്രാമസഭയിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതല്ല എന്നും മോണിറ്ററിംഗ് കമ്മിറ്റി ഫലപ്രദമല്ല എന്നും കാണുന്നു. (പദ്ധതി അംഗീകാരം ലഭിച്ച് നടപ്പിലാക്കുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടേണ്ട വിഷയമാണിത്),

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-8 മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിച്ചു. തുടർനടപടി സ്വീകരിച്ചില്ല.

ഫയൽ നമ്പർ : എ4/8876/2017

ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ കുമാരസ്വാമി - ചെലപ്രം റോഡിൽ എൻ.ബി.എസ് വാടക സ്റ്റോറിന് മുൻപിൽ 8 വലിയ ചാക്കുകളിലായി 01.11.2017 ന് മാലിന്യങ്ങൾ ഓട്ടോറിക്ഷയിൽ കൊണ്ടുവന്ന് നിക്ഷേപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പരാതിയിൽ പരിശോധിയ്ക്കാൻ നിയോഗിച്ച പ്രാഥമികാരോഗ്യ കേന്ദ്രം, ഒളോപ്പാറ സബ്സെന്ററിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ അടിസ്ഥാനത്തിൽ, ചാക്ക് കെട്ട് കോഴിക്കോട് അരയിടത്തുപാലത്തിന് സമീപമുള്ള സ്റ്റൈൽസ്പാ എന്ന ഷോപ്പിൽ നിന്നാണ് എന്ന് വ്യക്തമായിട്ടുണ്ട്. തുടർന്ന് ഗ്രാമപഞ്ചായത്ത് 03.11.2017 ന് സ്ഥാപനത്തിന് നോട്ടീസ് നൽകി. പിഴ ഇനത്തിൽ 25000 രൂപയും, മാലിന്യം എടുത്ത്മാറ്റാനും നോട്ടീസിൽ നിർദ്ദേശിച്ചു.

നോട്ടീസിന് സ്ഥാപന മാനേജർ നൽകിയ മറുപടിയിൽ, മാലിന്യം നീക്കം ചെയ്യാൻ ഒന്നിച്ച് ക്വട്ടേഷൻ നൽകിയതാണെന്നും, പ്രസ്തുത പ്രവർത്തി ഏറ്റെടുത്തവർ സ്ഥാപനം അറിയാതെയാണ് പൊതുസ്ഥലത്ത് കൊണ്ട് വന്ന് നിക്ഷേപിച്ചതെന്നും വ്യക്തമായി. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി 17.11.2017 ലെ 11(1)/2017 നമ്പർ തീരുമാനപ്രകാരം, മാനേജരുടെ അപേക്ഷ പരിഗണിച്ച് 10,000 രൂപ ഇളവ് അനുവദിച്ച് 15000 രൂപ ഗ്രാപഞ്ചായത്തിൽ ഒടുക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 20.11.17 ന് സ്ഥാപനത്തിന് കത്തയച്ചു. എന്നാൽ നാളിതുവരെ സ്ഥാപനം പിഴ ഒടുക്കിയതായി കാണുന്നില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, ശുചിത്വ വർക്കിംഗ് ഗ്രൂപ്പ് എന്നിവർ സജീവമായി ഇടപെടൽ നടത്തിയിട്ടില്ല. പിഴ തുക ഈടാക്കി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 റിംഗ് കംപോസ്റ്റ് പദ്ധതി - അംഗീകാരം ലഭിച്ചതിന് വിരുദ്ധമായി നടപ്പാക്കി

പ്രോജക്ട് നമ്പർ : 12/2018

ചെലവഴിച്ച് തുക : 698600.00

സമ്പൂർണ്ണ ശുചിത്വ ഗ്രാമ പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തിൽ പദ്ധതി തയ്യാറാക്കുകയും ശുചിത്വമിഷൻ 31.03.2016ന് സംസ്കരണ യൂണിറ്റുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. (നമ്പർ 3773/സി.1/2013/എസ്.എം.) പദ്ധതിക്ക് താഴെ കൊടുക്കുന്ന പ്രകാരമാണ് അംഗീകാരം നൽകിയത്.

| ക്രമ നമ്പർ | സാങ്കേതിക വിദ്യ | എണ്ണം | അംഗീകരിച്ച യൂണിറ്റ് നിരക്ക് | അടങ്കൽ | സബ്സിഡി | | |
|---|---|---|---|---|---|---|---|
| | | | | | ശുചിത്വ മിഷൻ | സ്ഥാപനം | ഗുണഭോക്തൃ വിഹിതം |
| 1 | പൈപ്പ് കംപോസ്റ്റ് | 950 | 900 | 855000 | 641250 | 128250 | 83500 |
| 2 | റിംഗ് കംപോസ്റ്റ് | 380 | 2500 | 950000 | 712500 | 142500 | 95000 |
| ആകെ | | | | 1805000 | 135750 | 270750 | 180500 |

ഇതിൽ ശുചിത്വ മിഷന്റെ വിഹിതമായ സബ്സിഡി തുക 1353750 രൂപയിൽ ഒന്നാം ഗഡുവായി 812250 രൂപ 28.09.2016ലെ ഡി.എസ്.എം./കെ.കെ.ഡി./01/2013 നമ്പർ ഉത്തരവ് പ്രകാരം ശുചിത്വമിഷൻ അനുവദിച്ചു. 14.08.2017ലെ 1(1)/2017 നമ്പർ തീരുമാന പ്രകാരം പൈപ്പ് കംപോസ്റ്റിന് 2014-15 വർഷം ഗ്രാമ പഞ്ചായത്ത് തെരെഞ്ഞടുത്ത ഗുണഭോക്താക്കൾക്ക് നിലവിൽ സംസ്ഥാന സർക്കാർ പൈപ്പ് കംപോസ്റ്റിന് സബ്സിഡി നൽകുന്നത് നിർത്തലാക്കിയ സാഹചര്യത്തിൽ റിംഗ് കംപോസ്റ്റ് വിതരണത്തിന്റെ ലിസ്റ്റിലേക്ക് മാറ്റി ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് വി.ഇ.ഒ. നടപ്പാക്കിയ മേൽ പദ്ധതിക്ക് മേൽ കാണിച്ച പ്രകാരം 698600 രൂപ ചെലവഴിച്ചു. (ബിൽ നമ്പർ 8298/05.05.2018).

എന്നാൽ സംസ്ഥാന സർക്കാർ അംഗീകരിച്ച പദ്ധതിക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് സർക്കാരിൽ നിന്ന് പിന്നീട് അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

ഈ വിഷയം ശുചിത്വ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റം വരുത്താൻ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടൽ എന്നിവ ഒന്നും തന്നെ ഉണ്ടായില്ല.

280 യൂണിറ്റ് റിംഗ് കംപോസ്റ്റിന്റെ വിലയായ 698600 രൂപയാണ് ചെലവഴിച്ചത്. ഇത് റെയ്ഡ്കോയിൽ നിന്നാണ് വാങ്ങിയത്. (ബിൽ നമ്പർ 8298/05.05.2018 കാണുക). റെയ്ഡ്കോ ആയി കരാറിലേർപ്പെട്ടതല്ലാതെ പദ്ധതി എന്ന് പൂർത്തിയായി എന്ന് ഫയലിലില്ല. കൂടാതെ റിംഗ് കംപോസ്റ്റ് എത്ര എണ്ണം സ്ഥാപിച്ചെന്നോ, ആയതിന്റെ മോണിറ്ററിംഗ് സംബന്ധമായ വിവരമോ ബന്ധപ്പെട്ട ഫയലില്ല.

## 3-10 ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

2017 -18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്ത തിനാൽ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചില്ല.

1. നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നം-321/18, ആട് വിതരണം - എസ്.സി(വനിത)

അടങ്കൽ - 630000( 472500 (വികസനഫണ്ട്) ,157500(ഗുണഭോക്തൃവിഹിതം))

ചെലവ് - 150000 (112500(വികസനഫണ്ട്), 37500(ഗുണഭോക്തൃവിഹിതം))

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 15 ഗുണഭോക്താക്കൾ 2 പെണ്ണാടുകളെ വീതം വാങ്ങിയതിന് വെറ്റിനറി സർജൻ 112500 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. 63 ഗുണഭോക്താക്കൾക്ക് 2വീതം പെണ്ണാടുകളെ നൽകുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരിൽ 15 പേർ മാത്രമാണ് ഗുണഭോക്തൃവിഹിതമായ 2500 രൂപ അടവാക്കാൻ തയ്യാറായത്. അയതിനാൽ ബാക്കി 48 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെപോയി.

2. നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്റ്റ് നം-SO 10/18, മത്സ്യബന്ധനത്തിന് വല- എസ്.സി

അടങ്കൽ - 32000( 15000 (വികസനഫണ്ട്-എസ് സി പി), 1000 (വികസനഫണ്ട്-ജനറൽ) , 16000(ഗുണഭോക്തൃവിഹിതം))

ചെലവ് -4000(2000(വികസനഫണ്ട്), 2000(ഗുണഭോക്തൃവിഹിതം))

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മത്സ്യഫെഡ് വ്യാസ സ്റ്റോറിൽ നിന്ന് 1വല വാങ്ങിയതിന് 50% സബ്സിഡി നിരക്കിൽ 2000 രൂപ 1 ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. 8 ഗുണഭോക്താക്കൾക്ക് മത്സ്യബന്ധനത്തിന് വല വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. എന്നാൽ അപേക്ഷകർ കുറവായതിനാൽ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചില്ല.

3. നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്റ്റ് നം-147/18, പട്ടികജാതി യുവതികൾക്ക് സ്വയംതൊഴിൽ ധനസഹായം

അടങ്കൽ - 105000(630000വികസനഫണ്ട്-എസ് സി പി), 375000ബ്ലോക്ക് വിഹിതം

ചെലവ് -41452(വികസനഫണ്ട്)

പട്ടികജാതിവനിതകൾ സ്വയംതൊഴിലിന്റെ ഭാഗമായി ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി വിൽക്കുന്നതിന് ഇരുചക്ര/മുച്ചക്രവാഹനത്തിന് ധനസഹായം നൽകാനാണ് പദ്ധതി. 2 ഗുണഭോക്താക്കൾ ഇരുചക്രവാഹനം വാങ്ങിയതിന്റെ ചെലവായ 124356 രൂപയുടെ 1/3ഭാഗം സബ്സിഡിയായ 41452 രൂപ വാഹനം വിൽപന ചെയ്ത സ്ഥാപനത്തിന് നൽകുകയാണ്. ചെയ്തത്. 21 ഗുണഭോക്താക്കൾക്ക് വേണ്ടി വിഭാവനം ചെയ്ത പദ്ധതിക്ക് ആകെ 2 ഗുണഭോക്താക്കൾ മാത്രമാണ് ഇരുചക്രവാഹനം വാങ്ങാൻ തയ്യാറായത്.

മതിയായ പഠനം നടത്താതെ പദ്ധതി രൂപീകരിച്ചതിനാലാണ് മുകളിൽ പരാമർശിച്ച മൂന്ന് പ്രോജക്ടിലും തുക ചെലവഴിക്കാൻ കഴിയാതെ വന്നത്. ഗ്രാമ പ്രദേശത്ത് ഇത്തരം ഗുണഭോക്താക്കളുടെ ആവശ്യകത വ്യക്തമാക്കും വിധം പഠനം നടത്തുകയും, ആയതിനനുസരിച്ചുള്ള തുക വകയിരുത്തുകയും ചെയ്താൽ മാത്രമേ ഇത്തരം പദ്ധതികൾ വിജയകരമാകൂ. വരും വർഷങ്ങളിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം-125/18, പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ -

അടങ്കൽ - 100000( 75000 (വികസനഫണ്ട്) ,25000(തനത് ഫണ്ട്))

ചെലവ് - 74368/-ബിൽ നം.12/31.7.18,

ഗ്രാമപഞ്ചായത്തിലെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിന് 10.11.2016 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച 7 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ചിന്നൂസ് ഗ്രാഫിക്സിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. 48 പേജുള്ള, കവർ പേജ് കളർ പ്രിന്റോടു കൂടിയ ബുക്ക് ലെറ്റ് പ്രിന്റ് ചെയ്ത് നൽകുന്നതിന് 11000കോപ്പിക്ക് 88000 രൂപ നിരക്കിലാണ് ക്വട്ടേഷൻ അംഗീകരിച്ചത്. 63 പേജുള്ള പൗരാവകാശരേഖ 7000 കോപ്പി പ്രിന്റ് ചെയ്തതിന് 3541 രൂപ ടാക്സ് ഉൾപ്പെടെ 74368 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. അംഗീകരിച്ച നിരക്കിനേക്കാൾ അധികം തുക നൽകി.

ഒരു കോപ്പിക്ക് 8 രൂപ നിരക്കിലാണ് ക്വട്ടേഷൻ അംഗീകരിച്ചത്. അതായത് 7000 കോപ്പിക്ക് അനുവദിക്കാവുന്ന തുക 56000 രൂപയാണ്. എന്നാൽ 70827 രൂപ(ടാക്സ് ഒഴികെ) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അംഗീകരിച്ച നിരക്കിനേക്കാൾ അധികരിച്ച നിരക്ക് അനുവദിച്ചത് വഴി സ്ഥാപനത്തിന് അധികം നൽകിയ 14827/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2. ആവശ്യമുള്ളതിനേക്കാൾ അധികം കോപ്പി അച്ചടിച്ചു.

11000കോപ്പി അച്ചടിക്കുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്. ക്വട്ടേഷൻ നടപടികൾ പൂർത്തിയായതിന് ശേഷം 7000 കോപ്പിയായി കുറയ്ക്കുകയാണ് ചെയ്തത്. അതിൽ തന്നെ 700 കോപ്പി ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യാനായി നൽകിയത് ഇപ്പോഴും വിതരണം ചെയ്യാതെ ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ആവശ്യമുള്ള കോപ്പികളുടെ എണ്ണം നിശ്ചയിക്കാതെ ഏകദേശം എണ്ണം കണക്കാക്കി ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിന്റെ 63.63% മാത്രം പ്രിന്റിംഗിനായി ഓർഡർ നൽകിയതുമായ നടപടി അംഗീകരിക്കാനാവില്ല. അച്ചടിച്ച കോപ്പികൾ പൂർണ്ണമായും വിതരണം

ചെയ്തു എന്ന് മോണിറ്ററിംഗ് സമിതിയും പരിശോധിച്ച് ഉറപ്പു വരുത്തിയില്ല. വിതരണം ചെയ്യാനവശേഷിക്കുന്ന കോപ്പികൾ വിതരണം ചെയ്യേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം - വികസനഫണ്ട് അധികം പിൻവലിച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നം-117/18, പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം

അടങ്കൽ - 427180( 213580 (വികസനഫണ്ട്) ,213600(ഗുണഭോക്തൃവിഹിതം))

ചെലവ് - 213580 ബിൽ നം. 9/23.2.18, (28820 രൂപ തിരിച്ചടച്ചു.)

184760(ഗുണഭോക്തൃവിഹിതം)

1378 വനിതകൾക്ക് പോട്ടിംഗ് മിശ്രിതം നിറച്ച (പച്ചക്കറി തൈകൾ അടങ്ങുന്ന) 5 ഗ്രോബാഗ് വീതം ആകെ 6890 എണ്ണം നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. (ഒരു ഗ്രോബാഗിന് പരമാവധി 31 രൂപ സബ്സിഡി). പദ്ധതി പ്രകാരം 1192 ഗുണഭോക്താക്കൾക്ക് 5 എണ്ണം വീതം നൽകി. ഇതിനായി 213580 രൂപ വികസനഫണ്ട് പിൻവലിച്ചെങ്കിലും ആയതിന് ആനുപാതികമായി ഗുണഭോക്തൃവിഹിതം ലഭിച്ചില്ല. മുഴുവൻ ഗുണഭോക്താക്കളും ഗുണഭോക്തൃവിഹിതം അടക്കാത്തതിനാൽ 184670 രൂപ മാത്രമേ ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കാൻ പറ്റിയുള്ളൂ. വികസനഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച 28820 രൂപ ചലാൻ നം. KL – 01-220201718/28.3.17 ആയി തിരിച്ചടച്ചു. പദ്ധതിക്കാവശ്യമായ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറുള്ള ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് പരാജയപ്പെടുകയായിരുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ മേൽ നോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി അപാകതകൾ യഥാസമയങ്ങളിൽ പരിഹരിക്കുന്നു എന്നുറപ്പാക്കേണ്ടതാണ്.

## 3-13 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അപാകതകൾ

2017-18 വർഷം സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ ഭാഗമായി ഭൂജലവകുപ്പ്, ചെറുകിട ജലസേചനവകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്ക് താഴെ പറയും പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം./പേര് | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം/ചെലവ് തുക | ബിൽ നം./ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | 358/18 രാജീവ് ഗാന്ധി കോളനിയിൽ പൊതുടാപ്പ് സ്ഥാപിക്കൽ | 15,000 കേരള വാട്ടർ അതോറിറ്റി | വൗച്ചർ നമ്പർ 21701105 തീയതി 02.03.2018 | തനത് ഫണ്ട് |
| 2 | 359/18 കുമാരസ്വാമി നെടുംപറമ്പത്ത് പാലം നിർമ്മാണം | 500000 200000 ചെറുകിട ജലസേചനവകുപ്പ് | ചെ.നം.3379121/9.1.18 ബിൽ നം. 37/27.1.18 | കേന്ദ്രഫണ്ട് വികസന ഫണ്ട് |
| 3 | 347/18 പുളിബസാർ - പൊയിൽതാഴം കുനിയിൽതാഴം കനാൽ റോഡ് | 200000 ചെറുകിട ജലസേചനവകുപ്പ് | ചെ.നം.3379122/9.1.18 | കേന്ദ്രഫണ്ട് |
| 4 | 137/18 അങ്കണവാടി കുഴൽകിണർ നിർമ്മാണം | 423284- ഭൂജലവകുപ്പ് | 15/17.8.17 | സംരക്ഷണഗ്രാന്റ്(നോൺ റോഡ്) |
| 5 | 131/18 8/4കനാൽ റോഡ് ടാറിംഗ് | 200000 കുറ്റ്യാടി ജലസേചനപദ്ധതി | 32/30.11.2017 | വികസന ഫണ്ട് |
| 6 | 132/18 എടോത്ത് താഴം - 8/2 കനാൽ റോഡ് ടാറിംഗ് | 300000 കുറ്റ്യാടി ജലസേചനപദ്ധതി | 30/30.11.2017 | സംരക്ഷണഗ്രാന്റ്(നോൺ റോഡ്) |

| | | | | |
|---|---|---|---|---|
| 7 | 133/18 പൂക്കോട്ടുമല കോളനി റോഡ് കൽവർട്ട് | 100000 കുറ്റ്യാടി ജലസേചനപദ്ധതി | 29/30.11.2017 | സംരക്ഷണഗ്രാന്റ്(നോൺ റോഡ്) |
| 8 | 134/18 വാവിൽ താഴം പാലം | 100000 കുറ്റ്യാടി ജലസേചനപദ്ധതി | 31/30.11.2017 | സംരക്ഷണഗ്രാന്റ്(നോൺ റോഡ്) |
| 9 | 135/18 അട്ടവാറക്കൽ തെരുവത്ത് താഴം റോഡ് | 300000 കുറ്റ്യാടി ജലസേചനപദ്ധതി | 28/30.11.2017 | സംരക്ഷണഗ്രാന്റ്(നോൺ റോഡ്) |
| 10 | 333/18 വാവിൽതാഴം കൾവർട്ട് രണ്ടാം ഘട്ടം | 150000 കുറ്റ്യാടി ജലസേചനപദ്ധതി | 26/30.11.2017 | വികസന ഫണ്ട് |
| 11 | 334/18 പൂക്കോട്ടുമല കോളനി റോഡ് കൽവർട്ട് രണ്ടാം ഘട്ടം | 150000 കുറ്റ്യാടി ജലസേചനപദ്ധതി | 27/30.11.2017 | വികസന ഫണ്ട് |
| | ആകെ | 2458284 | | |

മേൽ പറഞ്ഞ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) കരാറിൽ ഏർപ്പെടാതെ തുക നിക്ഷേപിച്ചു

മേൽ പറഞ്ഞ നിക്ഷേപപ്രവൃത്തികളിലെല്ലാം തന്നെ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെയാണ് തുക കൈമാറിയിട്ടുള്ളത്. പ്രൊജക്ടിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക കൈമാറാൻ പാടുള്ളൂ. കരാറിൽ ഏർപ്പെടാത്തതിനാൽ നിർദ്ദിഷ്ട സമയത്ത് പ്രവൃത്തി പൂർത്തിയാക്കാത്തതിന് സ്ഥാപനത്തിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ സാധിക്കില്ല.

2. വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നില്ല.

വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാതെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറുന്നത്. വിശദമായ എസ്റ്റിമേറ്റ് ഇല്ലാത്തതിനാൽ ഏതൊക്കെ പ്രവൃത്തികൾ ചെയ്തു എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. നിർവ്വഹണ ഏജൻസി തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപീകരിക്കേണ്ടതെങ്കിലും മേൽ പ്രവൃത്തികളിലൊന്നും തന്നെ സാങ്കേതികാനുമതി ലഭിച്ചതായി കാണുന്നില്ല.

3. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

തുക കൈമാറിയിട്ടുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞെങ്കിലും ഒരു പ്രവൃത്തി പോലും പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം, ഫൈനൽബില്ലുകളുടെ പകർപ്പ് തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് കൃത്യമായി മോണിട്ടറിംഗ് നടത്തേണ്ടതും നടത്തപ്പെടുന്ന പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുകയും ചെയ്യേണ്ടത് ഭരണസമിതി / വികസനകാര്യ സ്റ്റാന്റിംഗ് ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വിനിയോഗ വിവരം, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-14 <u>മരുന്നു വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല.</u>

1. പ്രൊജക്ട് നം- 4/18, ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ

ചെലവ്- 300000 (ബിൽ നം. 2/6.1.18)

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു ലഭിയ്ക്കുന്നതിന് മേൽ ബിൽ പ്രകാരം 300000 രൂപ ഹോമിയോപതിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകി 6 മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനായി 6.7.18ലെ 30/17-18 നം. കത്ത് പ്രകാരം സ്ഥാപനത്തിന് ഓർമ്മക്കുറിപ്പ് അയച്ചെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല. 2016-17 വർഷവും 18.1.17 ന് തുക നൽകി 7 മാസം കഴിഞ്ഞ് 2.8.17നാണ് മരുന്നുകൾ പൂർണ്ണമായി ലഭ്യമായത്.

2. പ്രൊജക്റ്റ് നം . 3/2018

അടങ്കൽ 4,00,000/- സംരക്ഷണ ഗ്രാന്റ് (റോഡിതരം)

ചെലവുതുക 4,00,000/-

ബിൽ നം 1/17-18 തീ. 06.01.2018

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവേദം

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് 4,00,000/- രൂപ 03.02.2018 തീയതിയിൽ ഔഷധിക്ക് ഡയരക്റ്റ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഔഷധിയുമായി ചമച്ച കരാർ പ്രകാരം, ആവശ്യപ്പെട്ട മരുന്നുകൾ 60 ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതിയിൽ ആകെ 1,63,027/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ.

പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ യഥാസമയങ്ങളിൽ മോണിറ്ററിംഗ് സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും/ഭരണ സമിതി ഇടപെട്ട് ആശുപത്രികളിൽ കൃത്യസമയത്ത് മരുന്ന് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,65,500 | ഹരിത കേദാരം, നെൽകൃഷി | 3,65,000 | - |
| | | 3,00,000 | പറക്കുന്നത്ത് ചാത്താർക്കോട്ട | 3,00,000 | |
| | | 3,75,000 | ഇരുചക്ര വാഹനം (SC വനിത) | - | 3,75,000 |
| | | 59,500 | ഹരിത കേദാരം പച്ചക്കറി | 59,500 | |
| | | 4,00,000 | കാക്കുർമല കുടിവെള്ള പദ്ധതി | | 4,00,000 |
| | | 6,00,000 | ഉണിച്ചിരാ വീട്ടിൽ കുടിവെള്ള പദ്ധതി | - | 6,00,000 |
| | | 5,00,000 | ചെറു നുഞ്ഞിയിൽ കുടിവെള്ള പദ്ധതി | | 5,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | - |
| | | 15,00,000 | കരുവള്ളി കുടിവെള്ള പദ്ധതി | | 15,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,00,000 | - |
| ജില്ലാ പഞ്ചായത്ത് | | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 7,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 7,50,000 | - |
| ജില്ലാ പഞ്ചായത്ത് | | | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 358/18 രാജീവ് ഗാന്ധി കോളനിയിൽ പൊതുടാപ്പ് സ്ഥാപിക്കൽ | വൗച്ചർ നമ്പർ 21701105 തീയതി 02.03.2018 | 15,000 | 15,000 |

| | | | | | |
|---|---|---|---|---|---|
| 2 | ചെറുകിട ജലസേചനവകുപ്പ് | 359/18 കുമാരസ്വാമി നെട്ടംപറമ്പത്ത് പാലം നിർമ്മാണം | ചെ.നം.3379121/9.1.18<br>ബിൽ നം. 37/27.1.18 | 500000<br>200000 | 500000<br>200000 |
| 3 | ചെറുകിട ജലസേചനവകുപ്പ് | 347/18 പുളിബസാർ - പൊയിൽതാഴം കുനിയിൽതാഴം കനാൽ റോഡ് | ചെ.നം.3379122/9.1.18 | 200000 | 200000 |
| 4 | ഭൂജലവകുപ്പ് | 137/18 അങ്കണവാടി കുഴൽകിണർ നിർമ്മാണം | 15/17.8.17 | 423284 | 423284 |
| 5 | കുറ്റ്യാടി ജലസേചനപദ്ധതി | 131/18 8/4കനാൽ റോഡ് ടാറിംഗ് | 32/30.11.2017 | 200000 | 200000 |
| 6 | കുറ്റ്യാടി ജലസേചനപദ്ധതി | 132/18 എടോത്ത് താഴം - 8/2 കനാൽ റോഡ് ടാറിംഗ് | 30/30.11.2017 | 300000 | 300000 |
| 7 | കുറ്റ്യാടി ജലസേചനപദ്ധതി | 133/18 പൂക്കോട്ടുമല കോളനി റോഡ് കൽവർട്ട് | 29/30.11.2017 | 100000 | 100000 |
| 8 | കുറ്റ്യാടി ജലസേചനപദ്ധതി | 134/18 വാവിൽ താഴം പാലം | 31/30.11.2017 | 100000 | 100000 |
| 9 | കുറ്റ്യാടി ജലസേചനപദ്ധതി | 135/18 അടുവാറക്കൽ തെരുവത്ത് താഴം റോഡ് | 28/30.11.2017 | 300000 | 300000 |
| 10 | കുറ്റ്യാടി ജലസേചനപദ്ധതി | 333/18 വാവിൽതാഴം കൾവർട്ട് രണ്ടാം ഘട്ടം | 26/30.11.2017 | 150000 | 150000 |
| 11 | കുറ്റ്യാടി ജലസേചനപദ്ധതി | 334/18 പൂക്കോട്ടുമല കോളനി റോഡ് കൽവർട്ട് രണ്ടാം ഘട്ടം | 27/30.11.2017 | 150000 | 150000 |
| | | ആകെ | | 2458284 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | എ2-8439/1008/10/10 | - | 490686 | 1,60,000 | | 3,30,686 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14,56,752 |
| തൻവർഷം നിക്ഷേപിച്ച തുക | 1,25,352 |
| ആകെ | 15,82,104 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,82,104 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | FD 100211807520113 | ലഭ്യമല്ല | - | 489928 | |
| 2 | FD 100211807520113 | ലഭ്യമല്ല | - | 337443 | |
| 3 | FD 100211807520113 | ലഭ്യമല്ല | - | 754733 | |
| ആകെ | | | | 15,82,104 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2003-04 | 11.13.3.3 (പൊതുപരാമർശം) | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ വാട്ടർ സപ്ലൈ സ്കീം | ലഭ്യമല്ല |
| 2000-01 plan fund AR | 12 | 2003-04 | 11.13.5.15 (പൊതുപരാമർശം) | മൈത്രി ഭവന പദ്ധതി | ലഭ്യമല്ല |
| 1999-00 | - | 2004-05 | 11.1.3.33 (പൊതുപരാമർശം) | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2000-01 | - | 2004-05 | 11.1.3.36 (പൊതുപരാമർശം) | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2005-06 | 3-8 | 2008-09 | 3.6.2 | കൊപ്ര ഡ്രയർ മില്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക
ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,06,30,213 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,79,87,095 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2473111 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക |
|---|---|
| 3.11 | 14827 |
| 3.13 | 2458284 |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|
| 3.11 | ശ്രീമതി. റോസമ്മ ജേക്കബ്ബ്<br>കാവും വാതുക്കൽ<br>കോഴിക്കോട് |
| 3.13 | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി2/51/10(4) /11.11.10 | 27, 29, 30 | |
| 1999-00 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി.2/1486/05(3) തീയതി 01.09.2011 | 2, 3, 10, 11 | |

| | | | |
|---|---|---|---|
| 1999-00 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/895/ 03/2.1.04 | 6, 7, 8, 9(A), (B),, 10 | |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/988/ 04/12.11.04 | 10 | |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി.12/910/14(4) തീയതി 09.09.2015 | 8, 12, 14,, 15 | |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/51/10(6) /11.11.10 | 2-2, 2-8, 3-5, 3-9 | |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/1077/ 09/24.11.09 | 6, 7, 8, 9, 10 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.എസ്2/1000/ 05/1.7.06 | 2-4, 3-4, 3-10, 3-11, 3-12, 3-14, 3-15, 3-1 (എ, ബി.സി.) | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.എസ്3/1254/ 08/22.5.08 | 3-1, 3-2 | |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി.12/910/14(8) തീയതി 09.09.2015 | 3-5 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/1452/ 09/6.11/09 | 2-6, 2-7, 2-8 (ബി), 2-9 മുതൽ 2-13 വരെ 3-1 മുതൽ 3-23 വരെ | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി2/1101/ 10/23.12.10 | 2-6, 2-8, 2-10, 2-11, 2-12, 3-1 മുതൽ 3-20 വരെ | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി2/205/ 11/3.3.11 | 2-1 മുതൽ 2-9 വരെ 3-1 മുതൽ 3-12 വരെ | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി12/473/ 12/25.11.13 | 2-1, 2-4, 2-6, 2-8 മുതൽ 2-13 വരെ | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി12/1513/ 12/13.3.13 | 2-1, 2-2, 3-1, 3-3 മുതൽ 3-6 വരെ, 3-8 മുതൽ 3-11 വരെ 3-13, 4-3 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി12/1824/ 12/20.7.13 | 1-3, 2-3 മുതൽ 2-5 വരെ, 3-1 മുതൽ 3-6 വരെ, 3-9, 4-3 | |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി12/697/ 14/3.3.15 | 1-3, 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-4 വരെ, 3-6, 3-7, 3-9, 3-10, 3-12, 3-13, 3-14 | |
| 2013-14 &14-15 | കെ.എസ്.എ.കെ.കെ.ഡി/പി12/360/17 തീയതി 08.01.2018 | 1-1, 2-1, 2-2, 2-3, 3-4, 3-6, 3-8 മുതൽ 3-11 വരെ, 3-13, 3-14, 3-16, 3-17 മുതൽ 3-20 വരെ, 3-22 മുതൽ 3-26 വരെ, 3-27 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി12/1859/17 തീയതി 08.12.2017 | 2-1, 2-2, 2-5, 3-1 മുതൽ 3-14 വരെ, 3-18 മുതൽ 3-19 വരെ | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി12/2133/17 തീയതി 04.04.2018 | 2-1 മുതൽ 2-5 വരെ, 3-2 മുതൽ 3-16 വരെ | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.12/2087/2018 തിയതി: 12.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേളന്നൂർ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം

കോഴിക്കോട്.